MONTHLY NEWSLETTER OF GURUVAYOOR DEVOTEES FORUM

ഓം നമോ നാരായണായ: Om Namo Narayanaya: ഓം നമോ നാരായണായ:

# നവനീതം

കുംഭം 1182 / FEBRUARY 2007

# NAVANEETHAM

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:




ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ ഭഗവതേ വാസുദേവായ:

Hare Rama Hare Krishna!

# Guruvayoor Utsavam, Maha Shivarathri

## Guruvayoor Utsavam (Temple festival)

Guruvayoor Utsavam will start soon. **Utsava kodiyettam** (flag hoisting) is on Feb 28th Wednesday and lasts for ten days. **Aarattu is on March 9th.**

Utsavam is in effect the restoration of divine chaithanya every year. It is aimed at the purification and energisation of the deity.

Utsavam is a great time to be in Guruvayoor. There will be various processions, annual elephant race, fire-works (no crackers/explosives are used in Guruvayoor as baby Krishna does not like loud noise) and the temple and surroundings will be illuminated nicely. All ten days, the place looks very festive, streets dressed up with arches, festoons, houses freshly thatched and painted. Every shrine and building is tastefully decorated with lights, plantain trunks, bunches of coconut and arecanuts. The lamps, deepasthambams and vilakku are all lightened all the days.




## Maha Shivarathri

Maha Shivarathri is on February 16th. Vratham shall be observed on Shivarathri and many will not sleep all night but spend their time in naama sankeerthanam of “Om Nama Shivaya”.

Wish you all a very happy Shivarathri.

**Akshardham temple, New Delhi.**

The temple on the left is **Akshardham temple** in New Delhi. I visited the grand Akshardham temple last year. The temple has breath taking grandeur and beauty and it brilliantly showcases India's architecture, traditions and spiritual messages.

The Akshardham experience is an enlightening journey indeed. I suggest anyone who visit Delhi to make sure that they visit this beautiful five year old temple by Swaminarayans.

More details can be found at the temple web site - http://www.akshardham.com/

**Om Namo Bhagavathe Vasudevaya.**

**Loka Samastha Sukhino Bhavanthu - May God Bless you always.**

***Sunil Menon***

***Editorial Board***

| | |
|---|---|
| *Veena Nair* | *Vinod PS* |
| *Sukumar Cananda* | *Sunil Menon* |

**കൃഷ്ണാ ഗുരുവായൂരപ്പാ!**

**Navaneetham (freshly churned butter) is a humble attempt by Guruvayur Devotees Forum to create a monthly news letter for our group. Please send your comments, suggestions and any materials that you wish to publish to editor@guruvayoor.com**

# വിഷയക്രമം / CONTENTS


| | | |
|---|---|---|
| Hinduism Trivia | 3 | |
| Pranavadhara Prabha- Malayalam Poem | 4 | Dr. Sukumar canada |
| Guruvayurapa Sthuthi – Malayalam Poem | 5 | Geetha |
| Kanna Nin Kadaakshathinaay | 9 | Rajan Kinattumkara |
| Mukundamala - Kulasekhara Azvar | 10 | Dr. Saroja Ramanujam |
| Geeta Dhyanam | 12 | Veena Nair |
| Thulasi - Holy Basil | 15 | Gopinathan Nair |
| Krishna Thulasi Kathirukal Choodi | 18 | Valluvanadan |
| Maha Shivarathri | 23 | Indu |
| Temple News and Temple photos | 24 | Sunil |


TRIVIA

**Do you know?**
**Which place is known as Dwaraka of south?**
**[Answer on page 21]**



# പ്രണവാധാരപ്രഭ

എ. പി. സുകുമാർ, കാനഡ

അറിയാതെയെന്നുടെ അകതാരിനുള്ളിൽ
അനവരതമുണരുന്നു പ്രണവ ധ്വനി
അകമലർകൊണ്ടു ഞാൻ അനുദിനം അർച്ചിപ്പൂ
അവിടുത്തെ ദിവ്യമാം ചിൽസ്വരൂപം
അതിൽ ദർശിതമാകുമോ തൽസ്വരൂപം?
എന്നിൽ അറിവിന്റെ നിറമാല നിറവാകുമോ?

ആധാരശിലയിൽ ഞാനുറപ്പിച്ചതാ
ണവിടുത്തെ ദിവ്യമാം രൂപ ഭംഗി
അഞ്ജന ശിലയിൽ അവതീർണ്ണയാം നീ
അക്ഷരബ്രഹ്മ പൊരുളല്ലയോ?
അക്ഷരാതീതമാം ഉണ്മയല്ലോ
പ്രണവത്തിൻ പ്രത്യക്ഷ ലക്ഷ്യമായ് മേവിയ
സാധനയ്ക്കാധാരവും നീയല്ലയോ?

പ്രതിദിനവുമവിടുത്തെ തിരുവെഴുന്നള്ളത്തി-
ന്നറിവോടെയെടുക്കാം പൊൻ തിടമ്പ്
അനുപദമെന്നുള്ളിൽ അനുരണനം ചെയ്യും
പ്രണവം പ്രാണന്റെ നിജ സ്പന്ദനമായ്
അറിവായുണർവ്വായി ഉർവ്വരമാകുന്നൊ-
രുണ്മയ്ക്കു മുണ്മയായ് തെളിയേണമേ

ഓം നമോ ഭഗവതേ വാസുദേവായ!

# ഗുരുവായൂരപ്പൻ സ്തുതി

(ഭജനയുടെ രചയിതാവ് അറിയില്ല സമ്പാദക: ഗീത)

ഇപ്പാരിൽ പുകൾപൊങ്ങും ഗുരൂവായൂരപ്പാ
പോറ്റീ ജഗൽപതെ മാധവാ
ഇപ്പാവപ്പെട്ട ഞാനഖിലേശാ നിൻ
തൃപ്പാദാംബുജെ വീണവണങ്ങുന്നെൻ 1

നിന്തിരുവടിയൊന്നു കനിഞ്ഞാകിൽ
എന്തസാധ്യമായുള്ളൂ ജഗത്തിങ്കൽ
ബന്ധു വൽസലാ നീയൊഴിഞ്ഞാരുമേ
സന്താപമകറ്റീടാനില്ല മേ! 2

വാച്ച ഭക്ത്യാ ഭവൽപ്പാദ സന്നിധൗ
കാഴ്ച വെച്ചിതാ ദീനനാം ബാലനെ
തീർച്ചയായ് പരിപാലനം ചെയ്യുവാൻ
നേർച്ചയോടുണർത്തിക്കുന്നിതെൻ വിഭോ! 3

അക്ഷിയിൽ ക വസ്തു സമസ്തവും
കുക്ഷിയിൽ കൊതിയോടെ നിറയ്ക്കുമ്പോൾ
പക്ഷിവാഹനാ ധന്വന്തരേ ഹരേ !
രക്ഷിക്കണമപഥമൊഴിച്ചു നീ 4

ഉത്സാഹത്തോടു കൂട്ടരോടൊന്നിച്ചീ
വൽസൻ വെള്ളത്തിൽ മുങ്ങിക്കുളിക്കുമ്പോൾ
മൽസ്യരൂപാ പുരുഷോത്തമാ ഹരേ!

വാൽസല്യത്തോടു കാത്തു രക്ഷിക്കണം 5

കർമ്മസാക്ഷിയാകും ജഗന്നായകാ
കാർമുകിൽ വർണ്ണാ! കാരുണ്യവാരിധേ
ഓർമ്മവിട്ടുറങ്ങുമെന്നുണ്ണിയെ
കൂർമ്മവിഗ്ഗ്രഹാ! പാലിച്ചുകൊള്ളണം 6

പ്രൌഢബാലരോടൊത്തു വനങ്ങളിൽ
ഊഢമോദം കളിച്ചു നടക്കുമ്പോൾ
ക്രോഢവിഗ്രഹാ ദാനവനിഗ്രഹ
പീഢകൂടാതെ നാഥാ! രക്ഷിക്കണം 7

ഭൂതപ്രേതപിശാചുക്കൾ മൂലമായ്
ഭീതിപൂിവൻ രാവിലുഴലുമ്പോൾ
ഭൂതഭാവനാ ഹേ ന്രുസിംഹ ഹരേ!
പ്രീതിപൂർവ്വമഭയമേകീടണം 8

പടുവങ്കപ്രഭുത്വമദമുള്ളിൽ
പെടും യൗവനകാലത്തിനിവനെത്തും
കടുതായീടുമാപത്തൊഴിക്കുവാൻ
വടുവാമനമൂർത്തേ! വണങ്ങുന്നേൻ. 9

ഭർഗ്ഗശിഷ്യ തപോനിധേ കേരള–
സ്വർഗസൗശീല്യ ലീലാവിശാരദ!
ഭാർഗവ ഭഗവാനേ മകനു
സന്മാർഗമായതു കാട്ടി രക്ഷിക്കണം. 10

സത്വധർമരത്തനായ് സദാചാരം
നിത്യനായിവൻ വാണുസുഖിക്കുവാൻ
സത്വരൂപാ ഹേ രാമ ദശരഥ പുത്രാ
രാഘവാ! നിത്യം വണങ്ങുന്നേൻ. 11

ഫലമുദ്രിതബാഹോ മഹാവീരാ
ഫലനിർജിതസർവാരി സഞ്ചയ!
ബലഭദ്ര ഭവാനെന്റെ പുത്രനായ്
ബലഭദ്രഗുണങ്ങളേകീടേണം. 12

നന്ദനന്ദന! വൃന്ദാവനപ്രിയാ!
നന്ദനീയ ഗുണഗണവാരിധേ!

നന്ദിപൂർവമെൻ നന്ദനനിൽ കനി–
ന്നിന്ദിരാപതേ! പാലിച്ചു കൊള്ളണം. 13

ഖൾഗപാണേ ഖലജനനാശനാ
ഖൾഗിരൂപ കലിമലമോചന!
മൽഗുരോ കമലദളലോചന!
സൽഗുണാലയ പാലയ ബാലനേ 14

പാൽക്കടലിൽ ഫണീശ്വരമെത്തമേ–
ലാക്കമോടെന്നും പള്ളികൊള്ളും വിഭോ
നാള്ക്കുനാൾവരുമാർത്തികളൊക്കെയും
നീക്കിരക്ഷിയ്ക്കവേണം ജഗൽപതേ 15

ആയുസ്സുയമ്പതുമേകണം
തേജസ്സും യശസ്സോജസ്സും മെയ് സുഖ
ശ്രേയസ്സുമെല്ലാമിവന്നു ലഭിക്കുവാ–
നാശിസ്സുമരുളേണമേ ദൈവമേ 16

വിദ്യയും വിനയാദിഗുണങ്ങളും
ഹൃദ്യസൗഭാഗ്യസമ്പൽ സമൃദ്ധിയും
ആദ്യനാം ഭവൽഭക്തിയും മുക്തിയും
വേദവേദ്യ ഭവാനിവനേകണം 17

പ്രായമാകുന്ന കാലത്തമേയ നിൻ
മായകൊീവനെ വലയ്കൊലാ
മായാമാനുഷാ നിൻ പാദപദ്മത്തിൽ
ഭൂയോ ഭൂയോ നമാമ്യഹം 18

വിശ്വരൂപ വിരാൾ പുരുഷാ പ്രഭോ
വിശ്വപാവന വിശ്വൈകപാലക
വിശ്വസംഹാര വിശ്വൈക നാഥ ഹേ
വിശ്വ വന്ദിത വിഷ്ണോ നമോസ്തുതേ 19

ഇസ്തുതി നിത്യമർക്കോദയത്തിലും
അസ്തമിച്ചും പഠിക്കും ജനങ്ങൾക്ക്
നിസ്തുലഗുണപൂർണ്ണരാം പുത്രകര
ഹസ്തതാരിങ്കൽ വെച്ചു ലാളിച്ചിടാം 20

(സമ്പാദക: ഗീത)

# കണ്ണാ, നിൻ കടാക്ഷത്തിനായ്....

**രാജൻ കിണറ്റിങ്കര**

കരിമിഴിയും കാർവർണവും അഴകായ് മനസ്സിലേന്തും
കണ്ണാ, നിൻ, തൃഭുവനത്തിങ്കെലെൻ പ്രണാമം
മനസ്സൊരു മന്ദാരമായ് കുളിർകാറ്റിലാടുമീ പുലരിയിൽ
നിൻ ചാരത്തണയാൻ, വെമ്പുന്നിതെൻ മനം, കൃഷ്ണാ
മഴമേഘങ്ങൾ പെയ്യാൻ വെമ്പുന്ന, വേനൽ വയലിലും
കരുമാടികൾ ഓടിതിമർക്കുന്ന കുന്നിൻ ചരിവിലും
തിരയുന്നു ഞാൻ കണ്ണാ നിന്റെ പാദസ്പർശങ്ങൾ
ഏറ്റുവാങ്ങുവാൻ, നിൻ തൃകടാക്ഷം, നിന്റെ വീണാനാദം
തേടി ഞാൻ നിന്നെ, ആറ്റിൻ കരയിലും, കല്ലൊതുക്കുകളിലും
ഗോപികൾ നീരാടും നിളയുടെ തീരത്തിലും, ചാരത്തും
എന്തിലും ദർശിച്ചു ഞാൻ, അമ്പാടിതൻ സൗന്ദര്യം
പിന്നെ, യമുനാ കരയിലെ നിന്റെ ലീലകളും
ഓരോരോന്നോരോന്നോർത്തു ഞാൻ, നടന്നങ്ങു നീങ്ങവേ
കേട്ടു ഞാൻ നിൻ കോവിലിൽ ശംഖൊലി നാദം
തിരുനട തുറന്നു ഞാൻ കേട്ടു, കൃഷ്ണാലാപനം
കണ്ടു ഞാൻ നിൻ തിരുരൂപം, എൻ മനക്കണ്ണിൽ
തുളസിക്കതിർ ചൂടി വിലസും, നിൻ മന്ദഹാസം
ചുറ്റിലുമുയരും കൃഷ്ണകളാരവം, ഭക്തർതൻ ആത്മസമർപ്പണം
വെമ്പുന്നിതെൻ മനം പുൽകുവാൻ നിൻ തിരുദർശനം
വഴികൾ നീളുന്നിതോ ഇനിയും മുന്നിലായ്
വേണമിനിയുമെത്ര യാത്രകൾ, പകലും രാത്രിയും താണ്ടി
ഉയിരിതപൂർണമല്ലോ, കാണാതൊരിക്കലും നിൻ വിശ്വരൂപം...

**രാജൻ കിണറ്റിങ്കര**
**rajan_k_nair2002@yahoo.co.in**

# Mukundamala

## by Kulasekhara Azvar

Collected by ***DR. SAROJA RAMANUJAM, M.A., PH.D,*** **SIROMANI IN SANSKRIT.**

**ghushyathE yasya nagare rangayAthrA dhinE dhinE**
**tham aham sirasA vandhE rAjAnam kulasekharam**

I offer my salutations to the king Kulasekhara,in whose city the travel to Sriranga is extolled day by day.

Kulasekhar was a king in ancient Chera nadu, modern Kerala. He was a great devotee of Lord Narayana and he used to tell his subjects to be ready to go on pilgrimage to Srirangam any day.The work Mukundamala, attributed to him, is a beautiful work in simple style and the slokas should be recited by all vaishnavites for its meaning full of intense devotion. We will enjoy the nectar of bhakthi of this Mukundamala which is bhakthimala.

**1.vandhE mukundham aravindhathalAythAksham**
**kundhEndhu Sankha dhaSanam SiSunopavEsham**
**indhrAdhidhEva gana vandhitha pAdhapeetam**
**brindhAvanAlayam aham vasudhEva soonum**

Salutations to Mukundha, the son of vasudeva, with eyes like lotus, teeth white like the conch and kundha flower, who appears in the form of a child, whose feet are worshipped by Indra and other devas,who resides in Brindavana.

Let us visualise the lotus-eyed vAsudeva as a child Krishna in Brindavana. He is Mukundha, the giver of moksha, whose feet are worshipped by all the devas , yet appears as an ordinary child through His maya.He shows His teeth, white like kundha flower and like his conch Panchajanya, which is in contact with His teeth and hence shines white, mark of satthvaguNa. He is the father of all beings but appeared as the son of vasudeva, through His soulabhya, in order to bless the ordiinary folk.Vedantadesika says in his yadhavabhyudhaya,
He puts on different costumes and comes down as incarnations like an actor and He acts according to the role He assumes.

**2. SrivallabhEthi varadhEthi dhayAparEthi**
**bhakthapriyEthi bhavlunTanakOvidhEthi**
**nATHEthi nagaSayanEthi jagannivAsEthi**
**AlApinam prathipadham kuru mE mukundha**

Oh Mukundha, make me at every step utter your names,**Srivallabha** the Lord of Lakshmi, **Varada**, giver of boons, **dhayApara**, filled with mercy,**bhakthapriya**, dear to your devotees who are dear to you,**bhavalunTana** kOvidha, one who is skilled in taking away the samsara from His devotees,**nAtha**, Lord of the universe,**nAgaSayana**, on who reclines on Adisesha and **jagannivAsa**, one who is manifest all over the world.

To say the names of the Lord requires His grace.This is what Kulasekhara prays for, here. One man had many sons who were given the names of the Lord but he used to call them by nicknames, except the last , whom he named Narayana.He never thought of the Lord but was in immersed in the worldly activities. When he was in his deathbed a well wisher asked him to say the name of the Lord but he could not. Then he asked him the names of his sons but he uttered only the nicknames and he was sinking fast .As a last attempt the friend pointed out the last son and asked the man who he was and the man said "He is my last son," and his life went out.So in order to remember Him at the last moment start from now on and let us say,

**3.jayathu jayathu dhEvO dhEvakee nandhanOyam**
**jayathu jayathu krishnO vrishnivamapradheepah**
**jayathu jayathu mEghaSyAmalah kOmalAngo**
**jayathu jayathu prTHvee bhAranASO mukundhah**

Victory be to the Lord , the son of Devaki! Victory to Krishna , the bright light of the clan of vrishnis! Victory to the one who has limbs tender and of dark hue like that of a cloud! Victory to Mukundha who lightened the burden of the earth ( by ridding it of evil minded.)

One may doubt whether we can say 'victory to thee' to the Lord but it is quite appropriate as it means that may He succeed in winning our hearts by destroying our enemies that stand between Him and us in the form of our past karma.

***OM NAMO NARAYANAYA:***

# || GEETA DHYAANAM ||



**Veena Nair**

**||Om Namo Narayanaya||**

Bhagwan Krishna is giving various reasons as to why Arjuna should fight. Now He is arguing from the perspective of an average man of the world. He is emphasizing to Arjuna's mind the consequences of his failure to fight:

**bhayaad ranaad uparatam mansyante twam Maha-rathaaha**
**yesham cha twam bahumato bhutva yaasyasi laaghavam ||2.35 ||**

*Mighty heroes such as Duryodhana will think that due to fear of Karna and others, you withdrew from battle. Those heroes who esteemed you because of your virtues will now think less of you.*

Here Krishna is driving home the point, that if Arjuna refuses to fight, the opponents are not going to see any virtue in that, but will only consider it as a weakness or an act of cowardice from a hero. For a warrior such a dishonor is extremely unbearable.

**avaachya vaadamscha bahuna vadishyanti tava hitaaha**

**nindantas tava saamarthyam tato dukhataram nu kim || 2.36 ||**

*And your enemies will say many such unspeakable things. What can there be more painful than this?*

The pain will be more unbearable when his enemies will criticize him in a language that is indecent. As long as he lives, he will be pointed out as a hero who ran away from the battlefield.

Here, Krishna has put forth arguments in slokas 2.31-2.36, about the opinions of the world regarding Arjuna's actions simply to dispel the grief and confusion of Arjuna. These views and world opinions are not to be considered as the goals themselves i.e. the message should not be taken here to suggest that world views are to be entertained. The message is that: Do not act because the world wishes you to act in a certain way or just because one believes that one's actions are in accordance with world expectations. These are just passing and temporary considerations. What is important is the understanding about the one single truth or Absolute Reality.

**hato-va praapsyasi swargam jitwa va bhokyshyase maheem**

**tasmaad utishta Kaunteya yuddhyaya krutanischayaha || 2.37 ||**

*Slain, you will attain heaven, victorious-you will enjoy the earth; therefore stand up O son of Kunti resolved to fight.*

Because Arjuna is fighting on the side of truth, he stands to gain no matter the consequence of the war. Even if he were to die, he would earn a place in heaven for his bravery and his virtues; if he were to win, he could be lord on earth and then go to heaven as one who has spent his life fighting for the cause of dharma.

**sukha dukhe samey krutwa labha labho jayaa jayo**
**tatho yudhyaya yujyasva naivam paapam avaapsyasee || 2.38 ||**

*Looking with an equal eye on pleasure and pain, gain and loss, victory and defeat, strive to fight; thus you will incur no sin.*

Without getting attached to pleasure, and without developing an aversion or dislike for pain, fight; similarly in the case of success and defeat. Then you will not incur sin.

Here Krishna suggests that Arjuna should enter the battlefield without worrying and be strong with a steady mind in the face of all his anxieties.

Swami Chinmayanandji says that the three pairs--of pain and pleasure, gain and loss, and conquest and defeat, exist at three levels of our existence, at the intellectual, mental, and physical level respectively. Krishna says that we must develop a sense of equilibrium in all ups and downs at all three levels. Swamiji also says that if one enters the sea waters, if one does not know how to swim, then mere wishful thinking that the waves should not trouble one is not going to do any good. On the other hand, if one can duck below the waves or jump over the smaller ones, then one can even enjoy the sea.
Human beings go through life expecting a no-wave situation most of the time and this is foolishness; if one is living in the world, sorrows are bound to come; and these are bound to be followed by moments of happiness. The best thing one can do is learn to have a steady mind irrespective of the situation.

**ehsa te bhihita sankhye budhir yoge tva imam shrunu**
**buddhaya yukto yaya partha karma bandham prahasyasee || 2.39 ||**

*This which is taught to thee is wisdom concerning Sankhya. Now listen to the wisdom concerning Yoga, having known which, O Partha, you shall cast off the bonds of action.*

Here Krishna tells Arjuna that the subject that he has been explaining so far is the wisdom about *Sankhya* i.e. ‘logic of reasoning by which the Absolute Reality is understood’ (p. 214, Sw. Chinmayananda). Now

He will explain to Arjuna the technique of attaining the wisdom which is obtained by devotion through work. This wisdom or Yoga frees one from the bondages of past *karmas.*

**neha bhi kram naashosti    pratya vaayo na vidhyate**
**swalpam apya asya dharmasya   trayate mahato bhayat || 2.40 ||**

*In this, there is no loss of effort, and it does not result in any opposing results. Even a little of this knowledge, a little practice of this Yoga, frees one from fear.*

Krishna is now highlighting the advantages of understanding the knowledge about devotion through work. He says, this knowledge will not provide any harmful results. In the olden days, Hindu culture was steeped in rituals and then there was the possibility that some rituals were not practiced as required or performed as per the scriptures. This could result in *pratya-vaayaha* meaning contrary results. So Krishna says that a little knowledge of what I am going to impart to you will also save you from any undesirable consequences.

**vyavsaayatmika buddhir    ekeha Kuru-nandana**
**bahu-shaakha hya anantascha    buddhayo vyavasaayeenam || 2.41 ||**

*Here O Arjuna there is only one-pointed determination. The thoughts of the irresolute are many branched and endless.*

In the knowledge of *Karma Yoga* that Bhagwan is going to explain now, even the highest goal of self-realization is possible because here a person works with single minded determination. Swami Chinmayananda says that when we work with a hundred different desires in our minds, we are not able to apply ourselves consistently to a single purpose and so end up not achieving any one thing and being disappointed in the process.  Here Krishna is also bringing out an important distinction between this supreme Yoga of Karma Yoga and the more traditional Karma Kanda that Arjuna was familiar with. In Karma kanda, people were always performing rituals to please different Gods and achieve their desires. But the cycle of desires in unending- when you don't have x, you long for x; when you get x, it immediately loses its charm and you wonder if it would be possible for you to get y and so on. One then gets caught up in this cycle. In contrast, knowledge and practice of Karma Yoga makes one single minded.  Krishna elaborates on the differences between resolute and irresolute individuals in the subsequent slokas.

|| Hari Om ||

***to be continued……………..***

## Thulasi - Holy Basil - A Goddess – A holy Plant – Consort of Sri Krishna

Gopinathan Nair

Thulasi the dearest of Sri Vishnu. She is incomparable. The pure beauty.

The marriage season of India is started with the "Tulsi Vivaha" the wedding ceremony of Sri Mahavishnu and Tulsi Devi on the 11th bright moon day of Kartika month, which falls on mid September.

A tulsi garland is the very first offering to our god in the puja.

A single leaf of Tulsi, which was placed by Rukmani has outweight SriKrishna, not even all the ornaments of Sathyabhama.

So many myths and legends can be found about the importance of Tulsi. In Vishnu Puran, Skanda Puran. Devi Mahathmyam and so many others described about the sacredness of this Tulsi.

At varanasi, there is a Temple, the very famous "Tulsi Manas Mandhir", where she is worshipped as a goddess along with other gods and goddesses.

Krishna Thulasi: This is called as shyama thulasi also. Which is dark in colour. Commonly used for worship..

Rama Tulsi: This is very well known as white tulsi, in dark bright green in colour. Easily available.

Tulsi, she is much sacred and loving mother, the queen of herbs. This plant has the capacity to emit OZONE along with the Oxygen. The ozone acts the main part to protect the living being from the ultra-violet ray hazards.

Being a Satva, the presence of Tulsi in a house brings much harmony and health to the family. Opens the heart and mind. Bestowing the energy of love and devotion.

Sriman Narayanan very pleased to have a Tulsi garland or a puja by tulsi leafs. No other sacred flowers or equal to this sacred leaf.

Pouring water for a Tulsi Plant will eliminate all the sin, even brahmahatya.

Drinking the water, in which some sacred tulsi leaf was soaked in, will reduce the stress.

Scientific studies are established and the results are showing the importance and the medical significance of this herb.

The juice of Tulsi leave can be used to bring down the fever.
Chewing Tulsi leaves gives a tremendous relief from cold and flu.
Goggling by the tulsi boiled water soothes the sore throat.
The juice of Tulsi with Honey, expels the kidney stone.
Tulsi reduces the Blood Cholesterol.
Chewing Tulsi leave will rescue from the mouth infections.
The paste of tulsi roots can be used as a remedy for insect bites.
Tulsi paste works well to decrease the pains. Such as headache.
Drops of Krishnatulsi leave juice in eyes will soothes the sour eys.

In any point of view, growing a Tulsi plant at the home will be very helpful. Being as a indoor plant, a tulsi plant can be kept in a small pot in the kitchen window or at the balcony or in the center hall.

The tulsi plant acts as a purifying agent in house.

Being a devotee of Sri Krishna, each and everyone should prepare to have a garden of this sacred plant in their courtyard.

[ Gopinathan Nair is known as Geeyen among his friends. He is working in Kuwait and originally from Ariyannoor, which is 5km from Gurupavanapuri.]

**Om Namo Narayanaya:**

## കൃഷ്ണതുളസി കതിരുകൾ ചൂടി.......

**സമ്പാദനം / ക്രോഡീകരണം: വള്ളുവനാടൻ** (Valluvanadan)

ദീപം....ദീപം കൗമാരം വിട്ടൊഴിയാത്ത പെൺകുട്ടി. സന്ധ്യാദീപവുമായി നാലുകെട്ടിന്റെ പടിപ്പുരവാതിലിലൂടെ അവൾ ഇറങ്ങിവന്ന്, അടിവച്ചടിവച്ചു മുറ്റത്തെ തുളസിത്തറയ്ക്കു മുന്നിലെത്തി. അഷ്ടൈശ്വര്യങ്ങളെയും കുടിയിരുത്തിയിരിക്കുന്ന (സർവൈശ്വര്യങ്ങളും പ്രദാനം ചെയ്യുന്ന) തുളസിത്തറ. അവിടെ തിരികൊളുത്തി കൈകൂപ്പി അവൾ ധ്യാനമൂകയായി നിന്നു. കുളിർക്കാറ്റിൽ ചാഞ്ഞും ചരിഞ്ഞും കത്തുന്ന ദീപനാളം തുളസിയിലകളിൽ പൊൻനിറം പൂശി.

തുളസി ഹൈന്ദവാചാരപ്രകാരം പരിശുദ്ധയായി മാറിയതിനു പിന്നിൽ അത്യന്തം രസാവഹമായൊരു കഥയുണ്ട്. ലക്ഷ്മിയും ം യും സരസ്വതിയും ഒരിക്കൽ ഭ വാനുമായി സല്ലപിച്ചിരിക്കുമ്പോൾ ആരോടാണു വിഷ്ണുവിനു കൂടുതൽ പ്രിയമെന്നതിനെച്ചൊല്ലി തർക്കമുണ്ടായത്രേ. വിഷ്ണുവിന്റെ മുന്നിൽവച്ചു പ്രീതിക്കായി മൂവരും തമ്മിൽ കടുത്ത മത്സരമായി. മത്സരം മൂത്തപ്പോൾ ഭൂമിയിൽ ഒരു ചെടിയായി ജനിക്കട്ടെ എന്നു ലക്ഷ്മിയെ സരസ്വതി ശപിച്ചു. ം സരസ്വതിയെ ഭൂമിയിലെ ഒരു നദിയാക്കി മാറ്റി. അതിനു പ്രതികാരമെന്നോണം ഭൂമിയിലൂടെ ഒഴുകിമനുഷ്യരുടെ പാപങ്ങൾ ഏറ്റുവാങ്ങട്ടെയെന്നു ം യെ സരസ്വതിയും ശപിച്ചു. ശാപകോലാഹലങ്ങൾ കെട്ടടങ്ങിയപ്പോൾ മഹാവിഷ്ണു ലക്ഷ്മീദേവിയെ അരികിൽ വിളിച്ചിങ്ങനെ പറഞ്ഞു.

''അല്ലയോ ദേവീ, കാല തിക്കനുസൃതമായി ഇങ്ങനെയൊക്കെ സംഭവിച്ചു എന്നേയുള്ളൂ. നീ സങ്കടപ്പെടേണ്ട. നീ ഭൂമിയിൽ പോയി ധർമ്മധ്വജന്റെ വീട്ടിൽ അയോനിജയായി ജനിച്ച് അവന്റെ പുത്രിയായി വളർന്നുകൊള്ളുക. അവിടെ നിന്നു നീ ദൈവയോ ം നിമിത്തം മൂന്നു ലോകങ്ങളെയും പരിശുദ്ധമാക്കുന്ന ഒരു ചെടിയായിത്തീരും. ആ ചെടിക്കു തുളസി എന്നു പേരുണ്ടാകും. നീ തുളസി എന്ന പേരിൽ ധർമ്മധ്വജന്റെ പുത്രിയായി കഴിഞ്ഞുകൂടുമ്പോൾ എന്റെ അംശമായി ശംഖചൂഡൻ എന്നു പേരോടുകൂടിയ ഒരസുരൻ ജനിക്കും. ആ അസുരൻ നിന്നെ ഭാര്യയായി സ്വീകരിക്കും. അതിനു ശേഷം നിനക്കു ഇങ്ങോട്ടുതന്നെ പോരാം.''

ഭ വാൻ പറഞ്ഞുതുതന്നെ സംഭവിച്ചു. രഥധ്വജന്റെ പുത്രന്മാരായി ധർമ്മധ്വജനും കുശധ്വജനും പിറന്നു. സൂര്യശാപം നിമിത്തം തേജസ്സില്ലാത്തവരായിത്തീർന്ന അവർ തേജസ്സിനു വേണ്ടി മഹാലക്ഷ്മിയെ തപസ്സു ചെയ്തു കഴിഞ്ഞുകൂടി. ഇവരിൽ കുശധ്വജനു മാലാവതി എന്നു പേരായ ഒരു ഭാര്യയുണ്ട്. അവൾ വേദവതി എന്ന പുത്രിയെ പ്രസവിച്ചു. (ഈ വേദവതിയുടെ പുനർജന്മമാണ്

ശ്രീരാമന്റെ ഭാര്യയായ സീത) ധർമ്മധ്വജന്റെ ഭാര്യ മാധവി. ആ മാധവിയുടെ ർഭത്തിൽ ലക്ഷ്മീദേവി ശിശുവായി പ്രവേശിച്ചു. നൂറുവർഷങ്ങൾക്കു ശേഷം മാധവി ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. ആ കുട്ടി ജനിച്ചതുതന്നെ നവയൗവനത്തോടുകൂടി ആയിരുന്നതിനാൽ ആ സൗന്ദര്യ ധാമത്തെ കണ്ടയുടനെ അവൾക്കു തുല്യതയില്ലാത്തവൾ എന്നയർത്ഥത്തിൽ തുളസി (**തുലാ അസ്യതി ഇതി തുളസി**) എന്നു പേരിട്ടു.

ജനിച്ചുടൻതന്നെ തുളസീദേവി സകല ലൗകിക സുഖങ്ങളും വെടിഞ്ഞു ബദരികാശ്രമത്തിൽ ചെന്നു തപം തുടങ്ങി. മഹാവിഷ്ണു തന്റെ ഭർത്താവായിത്തീരണമെന്നുള്ള പ്രാർത്ഥനയോടുകൂടി ഉഷ്ണകാലത്ത് പഞ്ചാഗ്നി നടവിലും ശീതകാലത്തു ജലാന്തർഭാ ത്തും നിന്ന് ഇരുപത്തിനാലായിരം സംവത്സരം ഫലം, ജലം മാത്രം ഭക്ഷിച്ചും മുപ്പതിനായിരം സംവത്സരം ഇലകൾ മാത്രം ഭക്ഷിച്ചും നാൽപതിനായിരം സംവത്സരം വായുമാത്രം ഭക്ഷിച്ചും പതിനായിരം വർഷം ഒന്നും കഴിക്കാതെയും അത്യു( മായ തപസ്സു ചെയ്തു.

ഒടുവിൽ ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ട് തപസ്സിന്റെ കാരണം തിരക്കി. മഹാവിഷ്ണുവിന്റെ ഭാര്യയായിത്തീരുക എന്ന തന്റെ അഭിലാഷം ദേവി ബ്രഹ്മാവിനെ ഉണർത്തിച്ചു. ഉടനെ ബ്രഹ്മാവ് ഇങ്ങനെ അരുളിച്ചെയ്തു: ''ശ്രീകൃഷ്ണന്റെ ദേഹത്തുനിന്നു ജനിച്ച സുദാമാവ് എന്ന േ ാപാലൻ രാധയുടെ ശാപം നിമിത്തം ഇപ്പോൾ ശംഖചൂഡൻ എന്ന പേരോടുകൂടി ഭാരതത്തിൽ അസുരവംശത്തിൽ വന്നു ജനിച്ചിരിക്കുകയാണ്. നീ അവന്റെ ധർമ്മപത്നിയാകും. പിന്നീടു നിനക്കു നാരായണന്റെ ഭാര്യയായിത്തീരാനും സാധിക്കും. ഈ ഘട്ടത്തിൽ നിന്റെ ഈ ആത്മഭാവത്തിന്റെ ഒരു അംശം തുളസി എന്ന ചെടിയായി ഭൂമിയിൽ അവശേഷിക്കും. തുളസി, ചെടികളിൽവച്ചു ശ്രേഷ്ഠയായും വിഷ്ണു പ്രിയയായും തീരുന്നതാണ്. നിന്നെക്കൂടാതെ ചെയ്യുന്ന പൂജകളെല്ലാം വിഫലങ്ങളായേ ഇരിക്കൂ.''

അതേസമയം ശംഖചൂഡനും ബദരികാശ്രമത്തിൽ തപസ്സുചെയ്യുന്നുണ്ടായിരുന്നു. അദ്ദേഹം തപഃശക്തികൊണ്ടു വിഷ്ണുകവചം സമ്പാദിച്ചു. തുടർന്നു തുളസിയെ വിവാഹം കഴിക്കണമെന്ന മോഹവുമുണ്ടായി. ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തി ഒരു വരം വാങ്ങി. വിഷ്ണുകവചം ശരീരത്തിൽനിന്നു മാറുകയും ഭാര്യയുടെ പാതിവ്രത്യം നശിക്കുകയും ചെയ്താലേ ശംഖചൂഡനു മരണമുള്ളൂ എന്നായിരുന്നു വരം. ഇതിനിടയിൽ ബ്രഹ്മനിയോ ം അനുസരിച്ചു തുളസിയും ശംഖചൂഡനും പരസ്പരം കണ്ടുമുട്ടി; വിവാഹിതരാവുകയും ചെയ്തു.

തുളസിയെ വിവാഹം കഴിക്കുകയും മരണമില്ലാകുമെന്ന വരം കിട്ടുകയും ചെയ്തപ്പോൾ അഹങ്കാരിയായി ത്തീർന്ന ശംഖചൂഡൻ ദേവന്മാർക്കുപോലും ശല്യമായി മാറി. ആ അസുരന്റെ ശല്യം സഹിക്കാതായപ്പോൾ ബ്രഹ്മാവും ശിവനും ദേവ ണങ്ങളുംകൂടി മഹാവിഷ്ണുവിനെ അഭയം പ്രാപിച്ചു. മഹാവിഷ്ണു ശംഖചൂഡനെ വധിക്കുന്നതിനുവേണ്ടി തന്റെ ശൂലം ശിവനു നൽകി. ശിവനും വിഷ്മുവുമൊന്നിച്ച് ഭൂമിയിലെത്തി. ശംഖചൂഡൻ ശിവനുമായി യുദ്ധമാരംഭിച്ച തക്കം നോക്കി മഹാവിഷ്ണു ശംഖചൂഡന്റെ വേഷം ധരിച്ചു തുളസിയുടെ പാതിവ്രത്യം നശിപ്പിച്ചു. ശിവൻ വിഷ്ണുശൂലംകൊണ്ടു ശംഖചൂഡന്റെ വിഷ്ണുകവചം നശിപ്പിച്ചു. അങ്ങനെ ശംഖചൂഡനെ കൊല്ലാൻ കഴിഞ്ഞു. ശംഖചൂഡൻ വിഷ്ണു പാർഷദനായി. തുളസിയും ശാപമോക്ഷം ലഭിച്ച് ലക്ഷ്മീദേവിയായി വിഷ്ണുലോകത്തിലേക്കു പോയി. മഹാവിഷ്ണുവിന്റെ അനു( ഹംകൊണ്ടു

തുളസിയുടെ ശരീരം ദ്രവിച്ചു ണ്ഡകി എന്ന പുണ്യനദിയും (ഇവിടെയാണത്രേ വിശിഷ്ടമായ സാള( ാമമുണ്ടാകുന്നത്) തലമുടി മണ്ണിൽ ലയിച്ചു തുളസിച്ചെടിയായും പരിണമിച്ചു.

ലേബിയേറ്റേ (ന്തന്റ്വദ്ധന്റന്ധഗന്ന) കുലത്തിലെ (ന്ന്യദ്ധണ്ഡഗ്മണ്ഡ) കുറ്റിച്ചെടിയായ തുളസി ഭാരതത്തിലും ആന്തമാൻ നിക്കോബാർ ദീപസമൂഹങ്ങളിലുമാണു സാധാരണ കണ്ടുവരുന്നത്. വളരെ ചെറിയ അനേകം എണ്ണ ( ന്ഥികൾ ഇലയിലുള്ളതുകൊണ്ടാണ് ഇവയ്ക്കു വാസന കൈവന്നത്. ഇവ പ്രധാനമായും രണ്ടു തരത്തിലാണുള്ളത്. ചെമന്ന തുളസിയും (കൃഷ്ണതുളസി-ന്ന്യദ്ധണ്ഡഗ്മണ്ഡ ്ന്റ്□്യന്ധഗ്മണ്ഡ) വെളുത്ത തുളസിയും (രാമതുളസി-ന്ന്യദ്ധണ്ഡഗ്മണ്ഡ ങ്ങന്റന്ഥദ്ധRsദ്ധ്യഗ്മണ്ഡ), കാട്ടുതുളസി (കാട്ടുതൃത്താവ്), കർപ്പൂര തുളസി എന്നിങ്ങനെ വേറെയും ചില തുളസിച്ചെടികൾ കാണുന്നുണ്ട്. തുളസിയുടെ ഇല, പൂവ്, കായ്, വേര്, ചില്ല, തൊലി, തടി എന്നുവേണ്ട തുളസി നിൽക്കുന്ന മണ്ണുപോലും പാവനമുള്ളതായിട്ടാണു സങ്കല്പം. തുളസിയുടെ വിറകുകൊണ്ടു ദഹിപ്പിക്കുന്നവരുടെ ആത്മാവിനു വിഷ്ണു ലേകത്തിൽ ശാശ്വതസ്ഥാനം ലഭിക്കുമത്രേ. അ മ്യാ മനാദി മഹാപാപങ്ങൾ ചെയ്തിട്ടുള്ളവരുടെ ശരീരമാണെങ്കിലും തുളസിവിറകുകൊണ്ടു ദഹിപ്പിച്ചാൽ പാപവിമുക്തമാകും. മരണ സമയത്തു ഭ വാന്റെ നാമങ്ങൾ ഉച്ചരിക്കുകയും സ്മരിക്കുകയും തുളസി വിറകുകൊണ്ടു ദഹിപ്പിക്കുകയും ചെയ്താൽ അവനു പുനർജന്മം ഉണ്ടാകുന്നതല്ല. ഒരുകോടി പാപം ചെയ്തവനും ദഹിപ്പിക്കപ്പെടുന്ന അവസരത്തിൽ വിറകുകളുടെ അടിയിലായി ഒരു തുളസീഖണ്ഡം ഉണ്ടായിരുന്നാൽ മോക്ഷം ലഭ്യമാകുന്നതാണ്. ം ാജലം തളിച്ചാൽ അശുദ്ധവസ്തുക്കൾ പരിശുദ്ധമാകുന്നതുപോലെ തുളസിമരം ചേർന്നാൽ വിറകുകൾ പരിശുദ്ധമായിത്തീരുന്നു.

തുളസിച്ചെടികൊണ്ടു ചിതയുണ്ടാക്കി ദഹിപ്പിക്കുന്നവന്റെ ഒരു കോടി കല്പങ്ങളിലെ പാപങ്ങൾ ദഹിച്ചു പോകുന്നു. തുളസിത്തീകൊണ്ടു വിഷ്ണുവിനു ഒരു വിളക്കുവച്ചാൽ അനേകലക്ഷം വിളക്കിന്റെ പുണ്യഫലം നേടും. തുളസി അരച്ചു സ്വദേഹത്തു പൂശി വിഷ്ണുവിനെ പൂജിക്കുന്നവൻ ഒരു ദിവസംകൊണ്ടുതന്നെ നൂറുപൂജയുടെയും നൂറു പശുദ്ദാനത്തിന്റെയും ഫലം നേടും. തുളസീതീർത്ഥം സേവിക്കുകയും തുളസിയില ഭക്ഷിക്കുകയും ചെയ്താൽ അമൃതംസേവിച്ച ബലം ലഭിക്കും. തുളസിക്കു വെള്ളമൊഴിക്കുന്നതിലപ്പുറം വലിയൊരു സൽക്കർമ്മം ഈ ലോകത്തില്ലപോലും, കുളിച്ച് ഈറനുണക്കാനിട്ട തലമുടിയിൽ ഒരു തുളസിക്കതിർ ചൂടുന്നത് ഐശ്വര്യലബ്ധിക്ക് (ദൈവപ്രീതിക്കും) ഉത്തമമാണെന്നാണു വിശ്വാസം.

തുളസിയുടെ ഈ മഹാത്മ്യം വർഷങ്ങൾക്കു മുമ്പുതന്നെ നാം മനസിലാക്കിയിരുന്നു എന്നതിന് ഒരുത്തമ കഥയുണ്ട്. അതായത്, തിരുവനന്തപുരത്ത് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽനിന്നു മിത്രാനന്ദപുരം ക്ഷേത്രത്തിലേക്കുള്ള വഴിയുടെ ഇരുവശങ്ങളിലും മുമ്പു നമ്പൂതിരിമാരുടെ മഠങ്ങളുണ്ടായിരുന്നു. നമ്പൂതിരിമാർ മഠങ്ങളിലിരുന്നു വെറ്റില മുറുക്കിയാൽ വഴിയിലേക്കാണു തുപ്പുക പതിവ്. മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുമനസ്സുകൊണ്ട് ഇളംകൂറായിരിക്കുന്ന കാലത്ത് ഒരുദിവസം മിത്രാനന്ദപുരത്തേക്ക് എഴുന്നള്ളുകയുണ്ടായി. മേൽപറഞ്ഞ വഴിയുടെ സമീപത്തായപ്പോൾ വഴിയിലെല്ലാം തുപ്പൽ നിറഞ്ഞിരിക്കുന്നു. അതിലേ പോകാൻ നിവൃത്തിയില്ലാതെ ഒടുവിൽ അടിച്ചുതളിക്കാരെ വരുത്തി ആ വഴിയെല്ലാം വൃത്തിയാക്കിച്ചു. മേലാലവിടെയാരും തുപ്പാതിരിക്കണമല്ലോ രാജാവിന്റെ ചിന്ത ആ വഴിക്കു നീണ്ടു. ഒടുവിൽ ആ വഴിയുടെ ഇരു പാർശ്വങ്ങളിലും നിറച്ചു തുളസി നടുവിക്കുകയും ദിവസവും

വെള്ളമൊഴിച്ചും മറ്റും അതിനെ പരിരക്ഷിക്കുന്നതിനു വേണ്ടി ഒരു ശമ്പളക്കാരനെ കല്പിച്ചു നിയമിക്കുകയും ചെയ്തു.

കാലം കുറച്ചു കടന്നുപോയി. അക്കാലത്തു നാടുവാണിരുന്ന സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവ് ഒരു ദിവസം അപ്രതീക്ഷിതമായി മിത്രാനന്ദപുരം ക്ഷേത്രത്തിൽ ധർശനത്തിനെഴുന്നള്ളി, നേരത്തേ പറഞ്ഞ വഴിയിലെത്തിയപ്പോൾ അവിടെ നിറച്ചു തുളസി നട്ടിരിക്കുന്നതായും അതിൽ നിറയെ മുറുക്കി ത്തുപ്പിയിരിക്കുന്നതായും കണ്ടിട്ട് അതിന്റെ കാര്യം കല്പിച്ചാരാഞ്ഞു. കാര്യം ( ഹിച്ച മഹാരാജാവ് തുളസിച്ചെടി മുഴുവൻ പിഴുതുമാറ്റാൻ കല്പനയിട്ടു. എന്നിട്ട് ഒരു കൈയാമം വരുത്തി അവിടെ സ്ഥാപിക്കുകയും ആരെങ്കിലും ആ വഴിയിലേക്കു തുപ്പിയാൽ അവരെ പിടിചച്ച് ആമത്തിലിട്ടേയ്ക്കണം എന്നു കല്പിച്ചു ചട്ടം കെട്ടുകയും ചെയ്തു. അതിൽപ്പിന്നെ തുപ്പലിന്റെ ഒരു തുള്ളിപോലും അവിടെ വീണതായിട്ടറിവില്ല.

ഇവിടെ രണ്ടു രാജാക്കന്മാരും ചെയ്തത് ഏതാണ്ടൊന്നുതന്നെയാണ്. രണ്ടു പേരും തുളസിയുടെ പ്രാധാന്യത്തെക്കുറിച്ച് ഏറെ ബോധവാന്മാരായിരുന്നു. ആദ്യത്തെയാൾ തുളസിക്കു ദിവ്യത്വമുള്ളതിനാൽ ആരും അതിനെ തുപ്പുകയില്ലെന്നു കരുതി. രണ്ടാമത്തെയാൾക്കു തുളസിയെ തുപ്പി അശുദ്ധമാക്കിയതു സഹിച്ചില്ല. അദ്ദേഹം മറ്റൊരു പോംവഴി കണ്ടെത്തി. അതോടെ തുളസിയുടെ പരിശുദ്ധത കാത്തുസൂക്ഷിക്കുകയായി.

പുരാണത്തിലും ചരിത്രത്തിലും മാത്രമല്ല തുളസി തളിർ നീട്ടി പൂ ചൂടി നിൽക്കുന്നത്. കവികളുടെ ഹൃദയാങ്കണങ്ങളിലും ഈ ചെടിക്കു നിസ്തുലമായ സ്ഥാനമുണ്ട്. തുളസീദേവിയുടെ ജീവിതത്യാ ത്തിന്റെ കഥ അനാവരണം ചെയ്തുകൊണ്ടു യൂസഫലി കേച്ചേരി പാടി:

**എത്ര കുലീനയും നിന്റെ മുന്നിൽ**

**എത്തുന്നു നിത്യവും സന്ധ്യയായാൽ**

**ആഹാ, തുളസി, നിന്റെ ജീവിതത്തെ**

**ആരു താൻ കണ്ടു കൊതിച്ചുപോകാ!** (ആയിരം നാവുള്ള മധുരം)

തന്റെ കുടിലിന്റെ മുറ്റത്ത് ഒരു തുളസിച്ചെടിമാത്രം എന്തിനെയും വരവേൽക്കാൻ നിൽക്കുമ്പോൾ മദിച്ച കാറ്റിനോട് ഒ.എൻ.വി ഇങ്ങനെ ചോദിച്ചു:

**പാവന മീ ന്ധത്തിൽ ം യിൽ സ്നാനം ചെയ്വാൻ**

**ഈ വഴി,യിന്നല്ലെങ്കിലൊരുനാൾ വരില്ലേ നീ?** (ഒരു തുള്ളി വെളിച്ചം)

അക്കിത്തം 'തുളസീമാല'യെപ്പറ്റിയും (കരതലാമലകം) ചങ്ങമ്പുഴ 'ശ്മശാനത്തിലെ തുളസി'യെപ്പറ്റിയും നാലാങ്കൽ 'കൃഷ്ണതുളസി'യെപ്പറ്റിയും വാചാലമായിത്തന്നെ പാടി. ശ്രോതാക്കളുടെ നാവിൻതുമ്പിൽ തത്തിക്കളിക്കുന്ന ചില ാനങ്ങളും തുളസിയെക്കുറിച്ചുണ്ട്.

**കൃഷ്ണതുളസിക്കതിരുകൾ ചൂടിയോരശ്രുകുടീരം ഞാൻ** (ഒ.എൻ.വി)

**തെച്ചിമന്ദാരം തുളസീ പിച്ചകമാലകൾ ചാർത്തി**

**ഗുരുവായുരപ്പനിന്നെ കണികാണേണം.** (വയലാർ)

**തുളസീ-കൃഷ്ണതുളസീ-നിൻ നെഞ്ചിലെരിയുന്ന**

**ചന്ദനത്തിരിയിലൊരൗഭഹൃദ്യസു ഡ്ധം -ഒരധ്യാത്മദിവ്യ സു ഡ്ധം**

തുളസി ആധ്യാത്മികത്വത്തിന്റെ പ്രതീകം മാത്രമല്ല, നല്ലൊരു ഔഷധം കൂടിയാണ്. പനി, ആസ്ത്മ, ദഹനക്കുറവ്, ചുമ, വാതം, വ്രണങ്ങൾ, ഛർദ്ദി എന്നിവയ്ക്കു പണ്ടുമുതലേ തുളസി ഉപയോ ിച്ചു പോന്നു. പാമ്പുവിഷത്തിനുള്ള ഔഷധക്കൂട്ടിൽപ്പോലും തുളസി ഒരു പ്രധാന ഘടകമാണ്. ജലദോഷത്തിനു തുളസിയും കുരുമുളകും ചുക്കും കരുപ്പെട്ടിയും ചേർന്നുള്ള കാപ്പി (കഷായം) നമ്മുടെ നാട്ടിൽ വളരെ പ്രസിദ്ധമാണല്ലോ. എന്തിനേറെ, ഇന്നു തുളസി ചേർന്ന ചുമനിവാരണികൾ അലോപ്പതിക്കാർപോലും ധാരാളമായി വിപണിയിലെത്തിച്ചിരിക്കുന്നു.

ലോകത്തൊരു സസ്യത്തിനുമില്ലാത്തത്ര ദിവ്യത്വം കൈവന്നിട്ടും ഹിന്ദുക്കൾ ഈശ്വരനു തുല്യം ആരാധിച്ചിട്ടും വിശുദ്ധിയുടെ കാന്തി പരത്തി, സേവനത്തിന്റെ നിശ്ശബ്ദസം ീതം പൊഴിച്ചു തുളസിയങ്ങനെ തലയെടുപ്പോടെ നിൽക്കുന്നു. കവി ചോദിച്ചപോലെ ആ ജീവിതത്തെ ആരാണു കണ്ടുകൊതിച്ചു പോകാത്തത്?




# Maha Shivarathri

**Indu**

**February 16th is Maha Shivarathri. Chaturdashi starts from 16th feb 02.52 am and present till 17th feb 12.29am**

Skandha puranam describes four Shiva ratris. The first one is *nitya shivaratri* (daily Shivaratri - every night). The second one is the masa Shivaratri which is observed on the krishna paksha chaturdasi (fourteenth moon day on the moons diminishing phase). The third one is the *maga prathamadi Shivaratri* which is observed for the thirteen days starting from prathama titi in the month mAga (masi) and on the chaturdasi night the Lord is worshiped throughout the night. The fourth one is observed on the masi (maga) month Krishna paksha chaturdasi. This is the one observed in a widespread manner. It is also called maha shivaratri.

## MAHA SIVARATHRI

Mahasivarathri means `the great night of Siva. According to the Sivapurana, it falls on the Krishna Chathurdasi day which is on the fourteenth day during the warning of the moon in the month of Megha, though in some years it may occur in Phalguna also. In Kerala the month of Kumbham is noted for the Sivarathri festival which falls in February -March.

The festival is said to commemorate the day on which Siva protected the world from a total annihilation either by drinking the deadly Kaalakoodum poison which was held up in his neck, or by effecting a healthy compromise between Brahma, the Creator and Vishnu, the Protector.

The Mahasivarathri is considered a very important day for fast and Siva worship. Though the observance of Sivarathri rites promises both material comfort in this world and bliss in the other, it is mainly observed for securing the latter, While some Hindus abstain from every kind of food for the whole day, others content themselves with one meal. People cluster round the Siva temple and after bath smear their bodies with holy ashes and keep on reciting the prayers to siva. Pooja to Siva is kept up all the night. Strict vigil is kept in the holy night. Early next morning people bath once more, worship Siva and returnThere are Siva temples where Kavadiyattom is of great significance in the celebration of the Sivarathri festival.

**Om Nama Shivaya:**

*Om Namo Narayanaya:*

# Temple News

## New Guruvayur Devaswom administrator named

Courtesy - The Hindu News paper

THRISSUR: V. Ratheesan, Deputy Development Commissioner of the District Rural Development Authority in Kannur, was on Wednesday selected by the managing committee of the Guruvayur Devaswom for the post of Devaswom administrator.

The selection has been referred to the Government for approval. Mr. Ratheesan was selected from three names proposed by the Government. The others were Tourism Deputy Director Jinachandran Nair and K. Sasidharan Nair of the National Employment Guarantee Scheme.

The managing committee meeting was attended by chairman K.V. Nambiar.

## TRIVIA Answer

**Guruvayoor! Guruvayoor is popularly known as the DWARAKA of South.**

# Temple photos from around the world.

**Akshardham temple, New Delhi**

**Mookambika temple, Kollur.**

**Thirumandhamkunnu Bhagavathy temple, Angadipuram.**

**Om Namo Narayanaya:**

**Please email your name and a brief introduction to have your personal introduction published in next Navaneetham. Please email your comments, suggestions & articles for next Navaneetham to editor@guruvayoor.com**

***Sources, credits and copyright acknoledgements***

www.wikipedia.com
girish.aminus3.com/image/2006-09-21.html
ernakulam.nic.in
Krishna pictures/Artwork courtesy of The Bhaktivedanta Book Trust International, Inc. www.krishna.com.
Thehindu.com
www.guruvayurdevaswom.org
http://www.globaladjustments.com

**Our apologies for those articles & poems we could not publish this time due to space limitations. We will have them published in the forthcoming issues.**

Submitted at the lotus feet of Sri Guruvayoorappan by devotees.

**Loka Samastha Sukhino Bhavanthu - May God bless everyone.**

**Om Namo Narayanaya:**